HON'BLE MR. A. ATCHUTHAN: (എ) ചേർത്തല — ആലപ്പുഴ തോട്ടുവെട്ടുന്നതിന് ക, ൈ ന, വ ൈ രൂപാ ഇതേവരെ ചെലവായിട്ടുണ്ട്. ൈ മൈൽ ക നുന്നു അടി ഇതുവരെ തീർന്നിട്ടുണ്ട്.

(ബി) ന്യ മൈൽ ൈ ൈ ൈ അടി ഇനിയും പെട്ടിത്തീർക്കാനുണ്ട്. അതിന് ഏകദേശം നൂറു ലക്ഷം രൂപ ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു.

(സി) അതിനെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

(ഡി) തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് ഇതു്. സ്ഥിതിഗതികൾ നന്നാകുമ്പോൾ പണി പൂർത്തിയാക്കുന്ന കാര്യത്തെക്കുറിച്ചാലോചിക്കുന്നതാണു.

MR. KRISHNAN AIYAPPAN: ആലപ്പുഴമുതൽ ചേർത്തലവരെയുള്ള തോടിനു വേണ്ടി സ്ഥലം പൊന്നുംവില കൊടുത്തു എടുത്തിരിക്കയാണെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN: അറിയാം.

MR. KRISHNAN AIYAPPAN: ചേർത്തല താലൂക്കിലുള്ള മരുഭൂമി പ്രകൃതം മാറ്റാനായിട്ടാണ് ഈ തോട്ടുവെട്ടാരംഭിച്ചിട്ടുള്ളതെന്നറിയാമോ?

HON'BLE MR. A. ATCHUTHAN: പൊതുജനങ്ങളുടെ ഗതാഗത സൗകര്യത്തിനും വ്യവസായപരിപോഷണത്തിനുമായിട്ടാണ് ഇതു് വെട്ടുന്നതെന്നാണ് ഗവണ്മെൻറ് ധരിച്ചിരിക്കുന്നതു്.

MR. EAPEN ARAKKAL (*Ambalapuzha I—Latin Catholic*): ഈ തോട് എത്രകാലംകൊണ്ടു് പൂർത്തിയാകുമെന്നു പറയാൻ സാധിക്കുമോ?

HON'BLE MR. A. ATCHUTHAN: എത്ര കാലംകൊണ്ടു് തീരുമെന്നു ഖണ്ഡിതമായി പറയാൻ സാധിക്കയില്ല. എങ്കിലും നിവൃത്തിയുള്ളിടത്തോളം വേഗത്തിൽ തീർക്കുമെന്നു പറയാം.

MR. K. RAMAKRISHNA PILLAI(*Ambalapuzha I—General*): ക ക്വ.-ൽ ഈ തോടിനുവേണ്ടി എന്തു ചിലവായിട്ടുണ്ടെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. A. ATCHUTHAN: ക, ൈ ന, വ ൈ രൂപാ

ഇലക്ട്രിക്കൽ സ്റ്റോർകീപ്പർ.

313. MR. MANNAR K. GOPALAN NAIR: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഇലക്ട്രിക്കൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mannar K. Gopalan Nair]

(എ) ആലപ്പുഴ ഇലക്ട്രിക്കൽ സ്റ്റോർകീപ്പർ ഇപ്പോൾ ആരാണ് ?

(ബി) അദ്ദേഹത്തിന്റെ യോഗ്യതയും ഇപ്പോഴത്തെ ശമ്പള സ്കെയിലും എന്ത് ?

(സി) അദ്ദേഹത്തിന്റെ മുമ്പുള്ള ജോലി എന്തായിരുന്നു?

(ഡി) അദ്ദേഹത്തിന്റെ ശമ്പളസ്കെയിൽ പരിഷ്കരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്ത് ?

(ഇ) അദ്ദേഹത്തിന് അക്കൌണ്ട് ആഫീസുമായി എന്തു ബന്ധമുണ്ട് ?

HON'BLE MR. A ATCHUTHAN: (എ) മി. എസ്സ്. ഹരിഹരയ്യർ.

(ബി) ഇ. എസ്. എൽ. സി., ടാവൻകൂർ അക്കൌണ്ട് ടെസ്റ്റ്, പി. ഡബ്ലിയു. ഡി. ടെസ്റ്റ്, ശമ്പളം ₹ 60 മുതൽ ₹ 90 വരെ.

(സി) ഏലക്ട്രിക് സ്റ്റോർ കീപ്പർ.

(ഡി) ഉണ്ട്. ₹ 70-5-100 ആയി പുനർ.

(ഇ) അക്കൌണ്ടാഫീസർ മി. എസ്. രാമസ്വാമിഅയ്യരുടെ ഇളയ സഹോദരൻ.

MR. MANNAR K. GOPALAN NAIR: അദ്ദേഹത്തിന്റെ പേരിൽ പരാതിവന്നതുകൊണ്ടാണ് അദ്ദേഹത്തെ ആലപ്പുഴയിൽ നിന്ന് റിവൈസ് ചെയ്ത ട്രാൻസ്ഫർ ചെയ്തത് എന്നറിയാമോ?

HON'BLE MR. A. ATCHUTHAN: അറിവില്ല.

MR. MANNAR K. GOPALAN NAIR: ഇവിടത്തെ പതിവ് ഒരാളെപ്പറ്റി പരാതിയുണ്ടെങ്കിൽ ശമ്പളം കൂട്ടിക്കൊടുത്ത് സ്ഥലം മാറ്റുകയാണെന്നറിയാമോ?

HON'BLE MR. A. ATCHUTHAN: അറിവില്ല.

MR. K. A. MATHEW: ഈ ആളിനെ നിയമിച്ചതിൽ പിന്നീടാണോ റിവൈസ് ചെയ്തത്?

HON'BLE MR A. ATCHUTHAN: റിവൈസ് ചെയ്തത് ₹-₹-₹ ആയിട്ടാണ്.

MR. K. A. MATHEW: അത് അദ്ദേഹത്തെ നിയമിച്ചതിനു ശേഷമാണോ?

HON'BLE MR. A. ATCHUTHAN: അത് ഇപ്പോൾ അറിയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly